എമ്മാവൂസ്
# വചനദൂത്




ബ്ര. ദീപക് വട്ടപ്പാലത്ത്

വചനം മാംസമായിത്തീർന്ന, രക്ഷാകരചരിത്രത്തിലെ നിർണ്ണായകമായ സംഭവമാണ് യോഹന്നാൻ 1:14–18 വാക്യങ്ങളിൽ നാം വായിച്ചു കേട്ടത്. ദൈവത്തെ കാണുക എന്നത് മനുഷ്യന്റെ എക്കാലത്തെയും ആഗ്രഹമാണ്. ദൈവത്തെ കാണണം എന്ന് ആഗ്രഹിക്കാത്തവരായി നമ്മിൽ ആരും ഉണ്ടാവില്ല. റഷ്യൻ എഴുത്തുകാരനായ ലിയോ ടോൾസ്റ്റോയി, ദൈവത്തെ എന്തു വിലകൊടുത്തും കാണണം എന്ന് ആഗ്രഹിക്കുന്ന ഒരു രാജാവിനെക്കുറിച്ച് വിവരിക്കുന്നുണ്ട്. തന്റെ രാജ്യത്തെ പുരോഹിതർക്കും പണ്ഡിതന്മാർക്കും തനിക്ക് ദൈവത്തെ കാണിച്ചുതരണം എന്ന ബുദ്ധിമുട്ടേറിയ ദൗത്യം രാജാവ് നൽകി. ദൈവത്തെപ്പറ്റി അവരെല്ലാവരും പല വിശദീകരണങ്ങൾ നൽകി. അവയൊന്നും രാജാവിനെ തൃപ്തിപ്പെടുത്തിയില്ലെന്ന് മാത്രമല്ല, അവരെയെല്ലാം രാജാവ് ശിക്ഷിക്കുകയും ചെയ്തു. എന്നാൽ സാധാരണക്കാരനായ ഒരു ആട്ടിടയൻ ആ ദൗത്യം ഏറ്റെടുത്തു. അയാൾ രാജാവിനെ കൊട്ടാരത്തിന് വെളിയിലുള്ള പൂന്തോട്ടത്തിലേയ്ക്ക് ആനയിച്ചു. നട്ടുച്ചനേരത്ത് പ്രകാശിച്ചു നിൽക്കുന്ന സൂര്യനെ നോക്കാനാണ് ആട്ടിടയൻ രാജാവിനോടാവശ്യപ്പെട്ടത്. കണ്ണഞ്ചിപ്പോയ രാജാവ് ക്രോധത്തോടെ ആട്ടിടയനോട് പറഞ്ഞു: "നീ എന്നെ അന്ധനാക്കാനാണോ ശ്രമിക്കുക?" എന്നാൽ ശാന്തത കൈവിടാതെ ആട്ടിടയൻ പറഞ്ഞു: "സൂര്യൻ ദൈവത്തിനെ അനേകായിരം സൃഷ്ടികളിൽ ഒന്നുമാത്രം. ആ സൂര്യനെ നോക്കാൻ കഴിയാത്ത അങ്ങേക്ക് ഇവയെല്ലാം സൃഷ്ടിച്ച ദൈവത്തെ നോക്കാൻ എങ്ങനെ കഴിയും."

അനന്തനന്മയും സർവ്വശക്തനുമായ ദൈവത്തെ നേരിൽ കാണുക എന്നത് മരണ കാരണമാണെന്ന് യഹൂദർ കരുതിയിരുന്നു. പഴയനിയമത്തിൽ ദൈവവുമായി ഏറ്റവും അടുത്ത് ഇടപെട്ട മോശ പോലും ദൈവത്തിന്റെ മുഖം കണ്ടിട്ടില്ല. പുറ 33:23 -ൽ ദൈവം മോശയോട് അരുളി ചെയ്യുന്നു: "എന്റെ മുഖം നീ കാണുകയില്ല." അത്യുന്നതനാകുന്ന ദൈവത്തിന്റെ മഹത്വം ദർശിച്ച ഏശയ്യാ തന്റെ നാശത്തെയോർത്ത് വിലപിക്കുന്നത് ഏശ 6:5-ൽ നാം വായിക്കുന്നുണ്ട്. ഈ പശ്ചാത്തലത്തിലാണ് യോഹന്നാൻ സുവിശേഷകൻ, ഇന്ന് നാം വായിച്ചുകേട്ട വചനഭാഗത്തിലൂടെ പറയുക; "ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ല." പുതിയ നിയമ ജനതയായ നമുക്ക് തന്നെത്തന്നെ വെളിപ്പെടുത്തുവാൻ ദൈവം തിരുമനസ്സായി.

ദനഹാക്കാലത്തിന്റെ രണ്ടാം ഞായറാഴ്ചയിലാണ് നാമിന്ന് എത്തിനിൽക്കുക. ദനഹാ എന്ന വാക്കിന്റെ അർത്ഥംതന്നെ പ്രത്യക്ഷീകരണം അല്ലെങ്കിൽ വെളിപ്പെടുത്തൽ എന്നാണ്. അതുകൊണ്ടുതന്നെ ദനഹാക്കാലം വെളിപ്പെടുത്തലുകളുടെ കാലമാണ്. ദൈവത്തെ ആരും ഒരിക്കലും കണ്ടിട്ടില്ലെന്നിരിക്കെ, പിതാവുമായി ഗാഢബന്ധം പുലർത്തുന്ന ദൈവംതന്നെയായ യേശുക്രിസ്തുവിലൂടെ ദൈവം തന്നെത്തന്നെ വെളിപ്പെടുത്തിയതിനെക്കുറിച്ചാണ് തിരുവചനം ഇന്ന് നമ്മെ ഓർമ്മപ്പെടുത്തിയത്.

വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു എന്നതിന് സീറോമലബാർ സഭയുടെ പ്രഘോഷണഗ്രന്ഥത്തിൽ നൽകിയിരിക്കുക വചനം മാംസമായി നമ്മുടെയിടയിൽ കൂടാരമടിച്ചു എന്നാണ്. ഇത് വായിച്ചു കേൾക്കുന്ന നാം മനസ്സിലാക്കണം, പഴയനിയമത്തിൽ അത്യുന്നതനായ ദൈവം ഇസ്രായേൽ ജനത്തിന്റെ കൂടെ വസിക്കാനായി കൂടാരം തീർത്തു. പഴയ നിയമത്തിലെ വാഗ്ദാന കൂടാരം താൽക്കാലികമായിരുന്നു. എന്നാൽ ഇന്ന് എന്നേയ്ക്കും കൂടെയാകാനായി മാംസമായ വചനം, ദൈവം തന്നെയായ വചനം ഈ സക്രാരിയിൽ ദിവ്യകാരുണ്യമായി കൂടാരമടിച്ചിരിക്കുന്നു. മത്താ 28:20-ലെ വചനം; "യുഗാന്ത്യം വരെ എന്നും ഞാൻ നിങ്ങളോട് കൂടെയുണ്ടായിരിക്കും." ഈ വചനത്തിന്റെ സാക്ഷാത്ക്കാരമാണ് ദിവ്യകാരുണ്യ സാന്നിധ്യം.

ദൈവത്തിന്റെ പൂർണ്ണതയിൽ നിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. മോശ വഴി നൽകപ്പെട്ടത് നിയമമാണ്. എന്നാൽ ക്രിസ്തു വഴി വെളിവാക്കപ്പെട്ടത് കൃപയും സത്യവുമാണ്. എന്താണ് കൃപ? അർഹതയില്ലാത്തത് കരുണയോടെ നൽകപ്പെടുന്നതാണ് കൃപ. മനുഷ്യന് സ്വന്തമായി നേടാനാവാത്തതും അവകാശപ്പെടാനാവാത്തതുമാണ് കൃപ. അത് ദൈവം തന്റെ അനന്തകാരുണ്യത്താൽ മനുഷ്യന്റെ മേൽ വർഷിക്കുന്നു. കൃപയിൽ നിറഞ്ഞുനിൽക്കുക സർവ്വശക്തനായ ദൈവത്തേക്കാൾ കരുണയുള്ള സ്നേഹപിതാവായ ദൈവമാണ്.

സത്യം എന്നാലെന്താണ്? സത്യം എന്നത് യാഥാർത്ഥ്യമാണ്, സമഗ്രതയാണ്. മനുഷ്യന് ധൈര്യപൂർവ്വം ആശ്രയിക്കാവുന്നതാണ്. കാരണം വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവമാണ് നമ്മുടേത്. യോഹ 14:6-ൽ വഴിയും സത്യവും ജീവനും ഞാനാകുന്നു എന്ന് അവൻ അരുളിച്ചെയ്യുന്നു. യേശു ദൈവത്തെപ്പറ്റി സംസാരിക്കാനോ പഠിപ്പിക്കാനോ വന്നവനല്ല; തന്നിലൂടെ ദൈവത്തെ വെളിപ്പെടുത്താനായി, കാണിച്ചുകൊടുക്കുവാനായി വന്നവനാണ്. അതിനാൽ കൂടെ വസിക്കുന്ന മാംസമായിത്തീർന്ന ദിവ്യകാരുണ്യത്തെ നോക്കുന്നവൻ ദൈവത്തെ, സത്യത്തെ കാണുന്നു.

വചനം മാംസമായി കൂടാരമടിച്ച ദൈവത്തിന്റെ തണലിൽ ജീവിക്കുന്ന നമുക്ക്, ക്രിസ്തു ചെയ്ത

തുപോലെ ദൈവത്തെ വെളിപ്പെടുത്താനുള്ള കടമയുണ്ട്. മദർതെരേസയുടെ ജീവിതത്തിലെ ഒരു സംഭവം ഇപ്രകാരമാണ്. ഒരു ഡിസംബർ മാസത്തിൽ കൽക്കട്ടായിലെ ഒരു തെരുവിലൂടെ മദർ നടന്നു നീങ്ങുകയാണ്. അപ്പോൾ, അവിടെയുള്ള ഒരു ബേക്കറിയിലേയ്ക്ക് കൊതിയോടെ നോക്കുന്ന ഒരു പാവം ബാലൻ മദറിന്റെ ശ്രദ്ധയിൽപ്പെട്ടു. അവൻ നന്നേ ക്ഷീണിച്ചിരിക്കുന്നു. അന്ന് അവൻ ഭക്ഷണം കഴിച്ചിരിക്കാൻ സാദ്ധ്യതയില്ല. മദർ തെരേസ മറ്റൊന്നും ആലോചിച്ചില്ല, തന്റെ സാരിത്തുമ്പിൽ കെട്ടിയിട്ടിരുന്ന നാണയത്തുട്ടുകൾ എടുത്ത് അവന് ഒരു കഷണം കേക്ക് വാങ്ങിക്കൊടുത്തു. ആ കേക്കുകഷണം വാത്സല്യത്തോടെ അവന്റെ കൈകളിലേയ്ക്ക് വച്ചുനീട്ടുമ്പോൾ അമ്പരപ്പോടെ അവൻ ചോദിച്ചു: "നിങ്ങളാണോ ദൈവം?"

ഉന്നതമായ പ്രവൃത്തികളിലൂടെ മാത്രമല്ല, വളരെ ലളിതമായ പ്രവൃത്തികളിലൂടെയും ദൈവം വെളിപ്പെടും. കാരണം, ഒരു മനുഷ്യന്റെ നാവിൽ അലിഞ്ഞ് അവനിൽ ചേരുന്ന അപ്പത്തിന്റെ രൂപത്തിലാണ് അവൻ കൂടെ വസിക്കുക.

അവന്റെ പൂർണ്ണതയിൽ നിന്ന് കൃപയ്ക്കുമേൽ കൃപ സ്വീകരിച്ച നാം അത് പകർന്നു നൽകാനും കടപ്പാടുള്ളവരാണ്. നിയമത്തിന്റെ നൂലാമാലകൾക്ക് അപ്പുറം നിൽക്കുന്ന ഈശോയുടെ രൂപം മനസ്സിൽ സൂക്ഷിച്ച് നാം സ്വീകരിച്ചിരിക്കുന്ന കൃപ നമ്മുടെ സഹായം ആവശ്യമുള്ളവർക്ക് നൽകാം. ദുഃഖിക്കുന്ന ഒരുവനെ ആശ്വസിപ്പിക്കുമ്പോഴും ഒരു ഭിക്ഷാക്കാരന്റെ കൈകളിൽ സ്നേഹത്തോടെ ഒരു നാണയത്തുട്ട് വച്ചുകൊടുക്കുമ്പോഴും നമ്മുടെ പരിഗണന ആഗ്രഹിക്കുന്ന ഒരാൾക്ക് അത് നൽകുമ്പോഴുമൊക്കെ നാം ദൈവത്തെ വെളിപ്പെടുത്തുന്നവരാകുന്നു. നമ്മുടെ ചെറുജീവിതങ്ങളിലൂടെ ദൈവത്തിന്റെ മുഖം മറ്റുള്ളവർക്കു മുമ്പിൽ വെളിപ്പെടുത്താൻ അവിടുന്ന് നമ്മെ അനുഗ്രഹിക്കട്ടെ. ◆

